മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 18

# വാർത്താക്കുറിപ്പ്

---

## പരീക്ഷാ കേന്ദ്രം

മാർച്ച് 22 ന് ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ / വാർഷിക ബി.എഡ്. (അദാലത്ത് - സ്പെഷ്യൽ മേഴ്സി ചാൻസ് - 2018) പരീക്ഷ കോട്ടയം, മുട്ടമ്പലത്തുള്ള മൗണ്ട് കാർമൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ നടക്കും.

(പി.ആർ.ഒ./39/326/2022)

## പരീക്ഷാ തീയതി

ഒന്നാം വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആൻഡ് മ്യൂസിയോളജി പ്രോഗ്രാം (2018, 2019, 2020, 2021 അഡ്മിഷൻ - റെഗുലർ / 2013 - 2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷ ഏപ്രിൽ അഞ്ചിന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 23 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് 24 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മാർച്ച് 25 നും അപേക്ഷിക്കാം. ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/327/2022)

മൂന്നാം സെമസ്റ്റർ ബി.എ. / ബി.കോം. - (സി.ബി.സി.എസ് - പ്രൈവറ്റ് രജിസ്ട്രേഷൻ (2020 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ ഏപ്രിൽ ഏഴിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/328/2022)

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ ഒന്നാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) (2021-23 ബാച്ച് - റെഗുലർ / 2020-22 ബാച്ച് - സപ്ലിമെന്ററി) എക്സ്റ്റേണൽ പരീക്ഷകൾ ഏപ്രിൽ ഒന്നിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/329/2022)

## പരീക്ഷാ ഫലം

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. മോളിക്കുലാർ ബയോളജി ആൻഡ് ജനറ്റിക് എൻജിനീയറിംഗ് (സി.എസ്.എസ്. - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ഏപ്രിൽ ഒന്ന് വരെ ഓൺലൈനായി അപേക്ഷിക്കാം.

2021 ഫെബ്രുവരി / മാർച്ച് മാസങ്ങളിൽ നടന്ന ബി.സി.എ. ഒന്ന് മുതൽ ആറ് വരെ സെമസ്റ്ററുകളുടെ അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ് (2007 ന് മുൻപുള്ള അഡ്മിഷൻ / 2007-2008 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 3701 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 30.

(പി.ആർ.ഒ./39/331/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ